കേസ്സിൽ നിലപാട് എടുത്തിട്ടുണ്ട്. ഈ കേസ്സ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ലോട്ടറി പ്രൊമോട്ട് ചെയ്യുന്നതിനോ മാർക്കറ്റ് ചെയ്യുന്നതിനോ സംസ്ഥാന സർക്കാർ സ്വകാര്യ കമ്പനികളേയോ ഏജൻസികളെയോ നിയമിച്ചിട്ടില്ല. സംസ്ഥാന സർക്കാർ തന്നെയാണ് പ്രൊമോട്ടർ. അതുകൊണ്ടുതന്നെ സെല്ലിംഗ് ഏജന്റുമാർ സർക്കാരിന് സേവനമൊന്നും ചെയ്യുന്നില്ല. അതിനാൽ ലോട്ടറി ട്രേഡിനെ ബിസിനസ് ആക്റ്റിലറി സർവ്വീസായി കണക്കാക്കാനാവില്ല എന്ന നിലപാടാണ് സംസ്ഥാന സർക്കാരിന്റേത്.

മേൽ സാഹചര്യത്തിൽ സുപ്രീംകോടതിയുടെ പരിഗണനയിലുള്ള കേസ്സുകളുടെ അന്തിമവിധി വരുന്നതുവരെ ലോട്ടറി ബിസിനസ്സിന്മേൽ സേവന നികുതി ചുമത്തുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. സർവ്വീസ് ടാക്സ് ഈടാക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ലോട്ടറിയുടെ വില്പനയെ അത് പ്രതികൂലമായി ബാധിച്ചിട്ടില്ല.

(സി) ലോട്ടറിയിന്മേൽ സേവന നികുതി ഈടാക്കുന്നത് സംബന്ധിച്ച വിഷയം വിവിധ കേസ്സുകളിലായി കോടതിയുടെ പരിഗണനയിലായതിനാൽ എല്ലാ ഏജന്റുമാരും സേവന നികുതി അടച്ചു തുടങ്ങിയിട്ടില്ല. സേവന നികുതിയുമായി ബന്ധപ്പെട്ട് ലോട്ടറി ടിക്കറ്റ് വിൽപന കുറയുമെന്നോ കാരുണ്യപോലുള്ള പദ്ധതികൾക്ക് തുക നൽകുന്നതിൽ കുറവ് ഉണ്ടാകുമെന്നോ ഇപ്പോൾ വിലയിരുത്താനാവില്ല.

(ഡി) ലോട്ടറിയ്ക്ക് സേവന നികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ്സുകൾ നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത കേസ്സുകളുടെ അന്തിമവിധി വരുന്നതുവരെ സേവന നികുതി ചുമത്തുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സൗരോർജ്ജ ഉപയോഗം

5 (* 34) ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രണഭോക്താക്കൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്;

(സി) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 25-11-2013-ലെ സർക്കാർ ഉത്തരവ് (പി) 49/2013/ഊ.വ പ്രകാരം രൂപീകരിച്ച കേരള സൗരോർജ്ജ നയം 2013 പ്രകാരം 2017- ഓടുകൂടി 500 MW-ന്റെ സോളാർ വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിനായി അനെർട്ടിന്റെ നേതൃത്വത്തിൽ പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയും (Off Grid) 12000 കിലോവാട്ട് സോളാർ ഗ്രിഡ് പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

10000 റൂഫ് ടോപ്പ് പദ്ധതി : പതിനായിരം വീടുകളിലായി ഒരു കിലോ വാട്ട് ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ 10 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെയായി 14000 ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 7000 ഓളം വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞു. ഇതിലൂടെ 7 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ അനുമതി ലഭിച്ച ഭവനങ്ങളിൽ ബാക്കിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സോളാർ ഗ്രിഡ് കണക്ട് പദ്ധതി: സൗരോർജ്ജ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി നേരിട്ട് വൈദ്യുത ശൃംഖലയിലേക്ക് ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിലൂടെ 2 കിലോവാട്ട് മുതൽ 50 കിലോവാട്ട് വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയിൽ 12 മെഗാവാട്ട് പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ സബ്സിഡി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 5 മെഗാവാട്ടിന് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായവും ഉത്തരവായിട്ടുണ്ട്. 2014 ഡിസംബർ മുതൽ പ്രസ്തുത പദ്ധതിക്കായുള്ള അപേക്ഷ സ്വീകരിച്ചുവരുന്നു.

അനെർട്ടിന്റെ സഹായത്തോടെ സംസ്ഥാനത്ത് വിവിധ സർക്കാർ/ അർദ്ധസർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിലായി 434.36 കിലോവാട്ട് സോളാർ പവർ പ്ലാന്റുകൾ പൂർത്തിയാക്കി കഴിഞ്ഞു. ഇതുകൂടാതെ ഇത്തരത്തിൽ 689 കിലോവാട്ട് പ്ലാന്റ്

LIBRARY ARCHIVES Kerala Legislative Assembly

കളുടെ പണി പുരോഗമിച്ചുവരുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കൂടാതെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ടിന്റെ സ്വന്തം സ്ഥലത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ പദ്ധതിക്കായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സൗരോർജ്ജ ഉപയോഗം വ്യാപകമാക്കുന്നതിന്റെ ഭാഗമായി 2013-14 സാമ്പത്തിക വർഷം 33,000 സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്തു. കൂടാതെ 13,000 എൽ.ഇ.ഡി. സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം (2014-15) 30,000 എണ്ണം സി.എഫ്.എൽ. സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതിനായുള്ള നടപടികളും പുരോഗമിക്കുന്നു.

2013-14 സാമ്പത്തിക വർഷം 45 മെഗാവാട്ട് ശേഷിയുള്ള 637 സൗരോർജ്ജ തെരുവ് വിളക്കുകൾക്കായി ഉണഭോക്തൃ വിഹിതം ലഭിക്കുകയും അതിൽ മുന്നൂറോളം സൗരോർജ്ജ തെരുവ് വിളക്കുകൾ ഇതിനോടകം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖാന്തരം ആയതിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ള പദ്ധതിയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സൗരോർജ്ജ വൈദ്യുതി ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ ധനസഹായം നൽകിവരുന്നു. 10000 റൂഫ് ടോപ്പ് സോളാർ പദ്ധതിയിൻ കീഴിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സബ്സിഡിയായി ഒരു കിലോവാട്ടിന് 92,262 രൂപയും, സോളാർ ഗ്രിഡ് കണക്ട് പദ്ധതിയിൻ കീഴിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റിന് കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയായി പരമാവധി 34,000 രൂപയും നൽകുന്നുണ്ട്.

സൗരോർജ്ജ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന് സൗരോർജ്ജ റാന്തൽ വാങ്ങുന്ന എസ്.സി./എസ്.ടി/ബി.പി.എൽ. വിഭാഗങ്ങളിലുള്ള ഉണഭോക്താക്കൾക്ക് റാന്തൽ ഒന്നിന് 1000 രൂപ സബ്സിഡിയും ജനറൽ വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് 500 രൂപ സബ്സിഡിയും സർക്കാർ ധനസഹായമായി നൽകിവരുന്നു.

2013-14 വർഷം സർക്കാർ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും സൗരോർജ്ജ തെരുവ് വിളക്കുകൾ സ്ഥാപിച്ചു നൽകുന്ന പദ്ധതിയിൽ തെരുവ് വിളക്ക് ഒന്നിന് 30,000 രൂപ സംസ്ഥാന സർക്കാർ ധനസഹായം നൽകുകയും ചെയ്തു. കൂടാതെ സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം ഗ്രിഡ് ബന്ധിതമല്ലാത്ത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജ പ്ലാന്റുകൾക്ക് ജനറേഷൻ ബെയ്സ്ഡ് ഇൻസെന്റീവ് പദ്ധതി (GBI) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് ഒരു രൂപ നിരക്കിൽ അഞ്ചു വർഷത്തേക്കോ സൗരോർജ്ജ വൈദ്യുതി വാങ്ങൽ കരാർ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പൂർത്തീകരിക്കുന്നതു വരേയോ കരാർ പ്രകാരമുള്ള സൗരോർജ്ജം സ്വന്തമായി ഉത്പാദിപ്പിക്കുന്നതു വരേയോ ഇൻസെന്റീവ് നൽകുന്നതാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്.

പുതുവൈപ്പ് എൽ.എൻ.ജി. ടെർമിനൽ

6 (*35) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പ് എൽ.എൻ.ജി. ടെർമിനൽ നിർമ്മാണഘട്ടത്തിൽ ഉദ്ദേശിച്ച തരത്തിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) എൽ.എൻ.ജി. ടെർമിനൽ കൊണ്ട് സംസ്ഥാനത്തിന് ലഭ്യമാകേണ്ടത് പ്രയോജനപ്പെടുത്താൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) സാധിക്കുന്നില്ല. പുതുവൈപ്പിലെ എൽ.എൻ.ജി. പ്ലാന്റിൽ നിന്നും പ്രകൃതിവാതകം ഇടുനാട് വഴി മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും കൊണ്ടു പോകുവാനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡ് നടപ്പാക്കുന്ന ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്തതാണ് ഇതിന് കാരണം. കൊച്ചി-മംഗലാപുരം-മാംഗ്ലൂർ-ബാംഗ്ലൂർ (KKMBPL) പൈപ്പ് ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട പൈപ്പിടൽ നടപടികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. എറണാകുളം ജില്ലയിൽ മാത്രമാണ് പൈപ്പിടൽ നടപടികൾ ഏറെക്കുറെ പൂർത്തിയായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly